"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - വടകര നഗരസഭയിൽ സീനിയർ ക്ലർക്ക് - മരണപ്പെട്ട ചന്ദ്രൻ കെ.എം ന്റെ മകൻ ശ്രീ.അമൽജിത്ത് കെ. - എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(കൈ) നം.126/2023/LSGD തീയതി,തിരുവനന്തപുരം, 13-06-2023

---

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
2. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
3. ശ്രീ.അമൽ ജിത്ത്.കെ സമർപ്പിച്ച 23.03.2022 തീയതിയിലെ ആശ്രിത നിയമന അപേക്ഷ..
4. എൽ.എസ്.ജി.ഡി (അർബൻ) ഡയറക്ടറുടെ 16.11.2022 തീയതിയിലെ DUA/3893/2022-E4 നമ്പർ കത്ത്
5. കോഴിക്കോട് ജില്ലാ കളക്ടറുടെ 25.04.2023 തീയതിയിലെ DCKKD/13879/2022-S4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് വടകര നഗരസഭയിൽ സീനിയർ ക്ലാർക്ക് ആയി സേവനമനുഷ്ഠിക്കവെ 19.03.2021 തീയതിയിൽ മരണപ്പെട്ട ചന്ദ്രൻ കെ.എം ന്റെ മകൻ ശ്രീ.അമൽജിത്ത് കെ. (കരിമ്പിൽ മീത്തൽ ഹൗസ്, കല്ലാച്ചി (പി.ഒ), കോഴിക്കോട്, പിൻ-673506) പരാമർശം 3 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ചന്ദ്രൻ കെ.എം-ന്റെ സേവനകാലം 16 വർഷവും 4 മാസവും 18 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 01.05.1968, 21.10.2004 ആണ്. നഗരകാര്യ ഡയറക്ടറും കോഴിക്കോട് ജില്ലാ കളക്ടറും

അപേക്ഷകന് ജോലി നൽകുന്നതിന് പരാമർശം 4,5 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്

2. ശ്രീ.അമൽജിത്ത് കെ, എസ്.എസ്.എൽ.സി, പ്ലസ് ടു വിജയിച്ചിട്ടുള്ളതും ടിയാന്റെ ജനന തിയതി 02.03.2001 എന്നതുമാണ്. ടിയാൻ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (23.03.2022) സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി ചന്ദ്രൻ കെ.എം-ന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് വടകര നഗരസഭാ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിതൻ എന്ന നിലയിൽ ശ്രീ.അമൽജിത്ത്.കെ.യ്ക്ക് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. ടിയാൻ അവിവാഹിതനാണ്. ശ്രീ.അമൽജിത്ത് കെ.-യുടെ കുടുംബ വാർഷിക വരുമാനം 3,01,200/- രൂപയാണെന്ന് (മൂന്നു ലക്ഷത്തി ആയിരത്തി ഇരുന്നൂറ് രൂപ മാത്രം) നാദാപുരം വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് കൂടാതെ പരാമർശം 2 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാൻ സമർപ്പിച്ചിട്ടുണ്ട്. ശ്രീ.അമൽജിത്ത് കെ. കോഴിക്കോട് ജില്ലയിൽ എൽ.ഡി ക്ലർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൻ ടി തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുമുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് വടകര നഗരസഭയിൽ സീനിയർ ക്ലാർക്ക് ആയി സേവനമനുഷ്ഠിക്കവെ 19.03.2021 തീയതിയിൽ മരണപ്പെട്ട ചന്ദ്രൻ കെ.എം ന്റെ മകൻ ശ്രീ.അമൽജിത്ത് കെ.യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിലെ തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർ ശം 1-ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. പ്രിൻസിപ്പൽ ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡീഷണൽ സെക്രട്ടറി

പകർപ്പ്:

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം.

സെക്രട്ടറി, വടകര നഗരസഭ

ജില്ലാ കളക്ടർ , കോഴിക്കോട്.

ശ്രീ.അമൽജിത്ത് കെ., കരിമ്പിൽ മീത്തൽ ഹൗസ്, കല്ലാച്ചി (പി.ഒ), കോഴിക്കോട്, പിൻ-673506

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തൃശ്ശൂർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു1/409/2022-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 13-06-2023 10:23:22
സെക്ഷൻ ഓഫീസർ